(ബി) ഈ ഫണ്ടിൽ നിന്നും ഇതിനകം എന്തു തുക ചെലവഴിച്ചു;

(സി) ഇതിനായി ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ ഫണ്ട് നടപ്പിൽ വരുത്തിയിട്ടില്ല.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) കുടുംബശ്രീ പദ്ധതിയിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി 'ആശ്രയ' എന്ന സമാനമായൊരു പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ നടപ്പു വർഷം ബഡ്ജറ്റിൽ സാമൂഹ്യ സുരക്ഷാ ഫണ്ടിനായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

മുൻ ബഡ്ജറ്റുകൾ പ്രകാരമുള്ള പദ്ധതിവിഹിതങ്ങൾ

4 [287] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിലേക്ക് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ കണക്കുകൾ പ്രകാരം കൃഷിയും അനുബന്ധ മേഖലയും പരമ്പരാഗത വ്യവസായ അനുബന്ധ മേഖലയും വൈദ്യുതി, ജലസേചനം എന്നീ ഉല്പാദന മേഖലകളുടെ പദ്ധതി വിഹിതം എത്ര തുക വീതമായിരുന്നുവെന്നും, യഥാർത്ഥത്തിൽ എത്ര തുക വീതം ഈ മേഖലകളിൽ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(രൂപ ലക്ഷത്തിൽ)

	2001-02		2002-03		2003-04	
	പദ്ധതി വിഹിതം	ചെലവഴിച്ച തുക	പദ്ധതി വിഹിതം	ചെലവഴിച്ച തുക	പദ്ധതി വിഹിതം	ചെലവഴിച്ച തുക
കൃഷി	20993.00	19581.08	18715.00	24793.25	21064.00	ചെലവഴിച്ച തുക ലഭ്യമായിട്ടില്ല
വൈദ്യുതി	50900.00	45638.22	60000.00	74301.13	63000.00	
ജലസേചനം	21000.00	15357.75	11000.00	14191.47	13300.00	
വ്യവസായം	21347.00	12631.60	20200.00	19875.55	24277.00	

LIBRARY ARCHIVES Kerala Legislative Assembly